ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1156

# സൂറ – 40 / ഗാഫിർ

## സൂക്തം: 60 – 63

അല്ലാഹു പ്രാർഥിക്കാൻ കൽപിക്കുന്നതും ഉത്തരം വാഗ്ദാനം ചെയ്യുന്നതും അവന്ന് സ്വീകാര്യമായ പ്രാർഥനയെക്കുറിച്ചാണ്. പ്രാർഥനകൾ സ്വീകാര്യമാകാൻ ചില ഉപാധികളുണ്ട്. ഒന്നാമതായി, പ്രാർഥിക്കുന്നത് അനുവദനീയവും ഇഹത്തിലോ പരത്തിലോ ഗുണകരവുമായ കാര്യത്തിനാവണം. അനഭിമതമായ കാര്യങ്ങൾക്കുവേണ്ടിയുള്ള പ്രാർഥന സ്വീകരിക്കപ്പെടുകയില്ല.

وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦٠﴾

60. നിങ്ങളുടെ വിധാതാവ് കൽപിച്ചിരിക്കുന്നു: എന്നോടു പ്രാർഥിപ്പിൻ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. എന്നെ ആരാധിക്കുന്നതിൽനിന്ന് അഹങ്കരിച്ചു പിന്തിരിയുന്നവർ പിന്നീട് നിന്ദിതരായി നരകത്തിൽ ചെന്ന് പതിക്കുന്നതാകുന്നു.

**60**

وَقَالَ رَبُّكُمُ = നിങ്ങളുടെ വിധാതാവ് പറഞ്ഞു (കൽപിച്ചിരിക്കുന്നു)

ادْعُونِي = നിങ്ങൾ എന്നോടു പ്രാർഥിപ്പിൻ أَسْتَجِبْ لَكُمْ = ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും

إِنَّ الَّذِينَ يَسْتَكْبِرُونَ = അഹങ്കരിക്കു(രിച്ചു പിന്തിരിയു)ന്നവർ

عَنْ عِبَادَتِي = എന്റെ ഇബാദത്തിൽനിന്ന് (എന്നെ ആരാധിക്കുന്നതിൽനിന്ന്)

سَيَدْخُلُونَ جَهَنَّمَ = ശേഷം (പിന്നീട്) അവർ നരകത്തിൽ പ്രവേശിക്കും (ചെന്നു പതിക്കുന്നതാകുന്നു)

دَاخِرِينَ = നിന്ദിതരായി, എളിയവരായി

മുൻ സൂക്തങ്ങളിൽ പരലോകത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും അനിവാര്യത വ്യക്തമാക്കിയ ശേഷം ഇനി തൗഹീദിനെ -ദൈവത്തിന്റെ ഏകത്വത്തെ- കുറിച്ചുണർത്തുകയാണ്: അല്ലാഹു അവന്റെ സൃഷ്ടികളും അടിമകളുമായ നിങ്ങളോടു കൽപിച്ചിരിക്കുന്നു: നിങ്ങൾ എന്നോടു പ്രാർഥിക്കുവിൻ, എനിക്ക് ഇബാദത്ത് ചെയ്യുവിൻ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും എന്ന്. ادْعُونِي എന്ന ക്രിയാവചനം دُعَاء-ൽ നിന്നുള്ളതാണ്. പ്രാർഥനയാണ് ഭാഷയിൽ دُعَاء. ഇസ്‌ലാമിക പദാവലിയിൽ ഇതിനെ عِبَادَة-ന്റെ പര്യായമായും ഉപയോഗിക്കുന്നുണ്ട്. പ്രാർഥന സ്വയം ഒരു ഇബാദത്താണ്. കൂടാതെ എല്ലാ ഇബാദത്തുകളും പ്രാർഥനയും, എല്ലാ പ്രാർഥനകളും ഇബാദത്തും ഉൾക്കൊള്ളുന്നു. പ്രാർഥനാ ഭാവമില്ലാതെ ആരാധനയില്ല. ആരാധനാ ഭാവമില്ലാതെ പ്രാർഥനയുമില്ല. സ്രഷ്ടാവായ തമ്പുരാന്റെ വിധിവിലക്കുകൾക്ക് വിധേയരായി അവന്റെ പ്രീതിയും അനുഗ്രഹവും തേടി ജീവിക്കുകയാണ് ഇബാദത്ത്. ആവശ്യങ്ങളും ആവലാതികളും അവന്റെ മുമ്പിൽ

സമർപ്പിച്ച് അവന്റെ കാരുണ്യവും സഹായവും തേടുകയാണ് പ്രാർഥന- ദുആഅ്. രണ്ടിന്റെയും ആത്മാവ് ഒന്നാണ്. അതാണ് നബി(സ) പറഞ്ഞത്: الدّعَاء هوَ الْعِبَادَة -പ്രാർഥന തന്നെയാണ് ഇബാദത്ത്. തിരുമേനിയുടെ മറ്റൊരു പ്രസ്താവന ഇങ്ങനെ: الدّعَاء مخ الْعِبَادَة -ഇബാദത്തിന്റെ മജ്ജയാണ് പ്രാർഥന. افضل العبادة الدّعَاء -ഏറ്റം ശ്രേഷ്ഠമായ ഇബാദത്ത് ദുആഅ് ആകുന്നു- എന്നാണ് മറ്റൊരു നബിവചനം. ഇവിടെ اُدْعُونِي-ക്ക് എന്നോട് പ്രാർഥിക്കുവിൻ എന്നും എനിക്ക് ഇബാദത്തു ചെയ്യുവിൻ എന്നും അർഥമുണ്ടെന്നും രണ്ടും ഉദ്ദേശ്യമാണെന്നും മുഫസ്സിറുകൾ പ്രസ്താവിച്ചിരിക്കുന്നു. തുടർന്നുവരുന്ന إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي എന്ന വാക്യം. ഇബാദത്ത് എന്ന അർഥത്തെയും, استجب لكم എന്ന വാക്യം പ്രാർഥന എന്ന അർഥത്തെയും സ്ഥിരപ്പെടുത്തുന്നു. ഞാൻ ഉത്തരം നൽകും എന്നു മാത്രമല്ല അതിന്റെ താൽപര്യം. എനിക്കു മാത്രമേ പ്രാർഥന കേൾക്കാനും ഉത്തരം ചെയ്യാനും കഴിയൂ എന്നു കൂടിയാണ്. അത് പ്രാർഥന എന്നോടു മാത്രമായിരിക്കണമെന്ന ആശയത്തെയും പ്രകാശിപ്പിക്കുന്നു. പ്രാർഥന എന്നോടു മാത്രമായിരിക്കണമെന്നതിന്റെ ന്യായം കൂടിയാണ് قَالَ رَبُّكُمْ -നിങ്ങളുടെ വിധാതാവ് കൽപിച്ചു എന്ന പ്രയോഗം. ഞാനാണ് നിങ്ങളുടെ രക്ഷകനും പരിപാലകനും. ശിക്ഷിക്കാനും രക്ഷിക്കാനും അധികാരവും ശക്തിയുമുള്ളവനേ രക്ഷിക്കപ്പെടുന്നവരുടെ പ്രാർഥന കേൾക്കാനും ഉത്തരം ചെയ്യാനും കഴിയൂ. പ്രാർഥിക്കുകയാണെങ്കിൽ, അല്ലെങ്കിൽ ആവശ്യം വരുമ്പോൾ എന്നോടു പ്രാർഥിക്കാവുന്നതാണ് എന്നൊരു നിർദേശമല്ല, നിർബന്ധമായി പാലിക്കപ്പെടേണ്ട കൽപന തന്നെയാണ് اُدْعُونِي എന്ന വാക്യം. എനിക്കു മാത്രമേ നിങ്ങളുടെ പ്രാർഥന കേൾക്കാനും ഉത്തരം ചെയ്യാനും കഴിയൂ. പ്രതിഷ്ഠകൾക്കോ ഗ്രഹങ്ങൾക്കോ മലക്കുകൾക്കോ ജിന്നുകൾക്കോ പുണ്യാത്മാക്കൾക്കോ ഒന്നും അതിനു കഴിയില്ല.

പ്രാർഥന ഇബാദത്തായതിനാൽ അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുന്നത് അവർക്കുള്ള ഇബാദത്താകുന്നു. അതായത് അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്നത് അവരെ അല്ലാഹുവിന്റെ പങ്കാളികളായി കരുതൽ (ശിർക്ക്) ആകുന്നു. ഖുർആനിന്റെ അനുയായികളിൽ പെട്ട ചിലയാളുകളും ഈ ശിർക്ക് നിസ്സങ്കോചം അനുവർത്തിക്കുന്നുണ്ട് എന്നത് ദുഃഖകരമായ യാഥാർഥ്യമാണ്. മൺമറഞ്ഞ പുണ്യാത്മാക്കളോടും ജിന്നുകളോടുമൊക്കെയാണവരുടെ പ്രാർഥന. അവരതിനെ ന്യായീകരിക്കുന്നതിങ്ങനെയാണ്: ഞങ്ങൾ അല്ലാഹുവിനെ നിഷേധിച്ചുകൊണ്ടല്ല അവരോട് പ്രാർഥിക്കുന്നത്. അല്ലാഹുവിങ്കൽ അവർക്കുള്ള മഹത്വവും സ്ഥാനവും (ഹഖും ജാഹും) കൊണ്ടും, അവൻ നൽകിയിട്ടുള്ള കഴിവുകൊണ്ടും സഹായിക്കണമെന്നാണ് പ്രാർഥന. അല്ലെങ്കിൽ ഞങ്ങളുടെ പ്രാർഥന അല്ലാഹുവിങ്കലെത്തിച്ച് സഫലമാക്കിത്തരുവാൻ അവരോടപേക്ഷിക്കുകയാണ്. ഈ ന്യായീകരണത്തെ 39:3 സൂക്തം وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَىٰ -അല്ലാഹുവിനെ കൂടാതുള്ള ഔലിയാക്കന്മാരെ വരിച്ചവർ, അവർ ഞങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതിനു വേണ്ടി മാത്രമാണ് ഞങ്ങളവരെ ആരാധിക്കുന്നത്- എന്നു പ്രസ്താവിച്ചുകൊണ്ട് ഈ വാദം തള്ളിക്കളയുന്നുണ്ട്. 2:186-ൽ فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ -ഞാൻ എന്റെ ദാസന്മാരുടെ ചാരത്തു തന്നെയുണ്ട് എന്നോട് പ്രാർഥിച്ചവന്റെ പ്രാർഥനക്ക് ഞാൻ ഉത്തരം നൽകുന്നു- എന്നും പ്രസ്താവിച്ചിരിക്കുന്നു.

പ്രാർഥന അതിശ്രേഷ്ഠമായ ഇബാദത്താണെന്ന നബി(സ)യുടെ പ്രസ്താവന നേരത്തെ ഉദ്ധരിച്ചിട്ടുണ്ടല്ലോ. അത് വല്ലപ്പോഴും, അല്ലെങ്കിൽ ആവശ്യം നേരിടുമ്പോൾ മാത്രം ചെയ്താൽ പോരാ. അല്ലാഹുവിന്റെ സഹായവും സംരക്ഷണവും നിരന്തരം തേടിക്കൊണ്ടിരിക്കണം. അല്ലാഹുവിന്റെ ആശ്രയവും സഹായവുമില്ലാതെ അവന്റെ അടിമക്ക് ഒരു നിമിഷവും നിലനിൽക്കാനാവില്ല. വിശ്വാസിയുടെ ഈ ബോധത്തിന്റെ താൽപര്യമാണ് മനസ്സ് എപ്പോഴും പ്രാർഥനാനിർഭരമായിരിക്കുക എന്നത്. من لم يسأل الله يغضب عليه -അല്ലാഹുവിനോട് ചോദിച്ചുകൊണ്ടിരിക്കാത്തവനോട് അവൻ കോപിക്കുന്നു- എന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു.

പ്രാർഥനയുടെ ഫലം സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. നന്മതിന്മകളും ഭാഗ്യനിർഭാഗ്യങ്ങളും സംഭവിക്കുന്നത് അല്ലാഹുവിന്റെ വിധിപ്രകാരമാണ്. വിധിയാകട്ടെ നേരത്തെ ഉണ്ടായിക്കഴിഞ്ഞിട്ടുള്ളതും സുസ്ഥിരവുമാകുന്നു. മനുഷ്യന്റെ ആഗ്രഹവും അപേക്ഷയുമനുസരിച്ച് അതിൽ മാറ്റങ്ങളുണ്ടാക്കുന്നില്ല. ഇതാണ് ഒരഭിപ്രായം. മുഅ്തസിലികൾ പറഞ്ഞു: ഭൗതികകാര്യങ്ങൾ സംഭവിക്കാൻ അല്ലാഹു കൃത്യമായ കാര്യകാരണ വ്യവസ്ഥ ആവിഷ്കരിച്ചിട്ടുണ്ട്. ആ വ്യവസ്ഥ പൂർവനിശ്ചിതമാണ്. അതാണ് വിധി. അതിൽ മാറ്റം വരിക സാധ്യമല്ല. ആളുകളുടെ പ്രാർഥനയനുസരിച്ച് അല്ലാഹു കാര്യങ്ങൾ നടത്തുകയാണെങ്കിൽ പ്രാപഞ്ചിക വ്യവസ്ഥ താറുമാറാകും. اُدْعُونِي أَسْتَجِبْ لَكُمْ -എന്നോടു പ്രാർഥിക്കുവിൻ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും, أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ -പ്രാർഥിക്കുന്നവൻ എന്നോടു പ്രാർഥിച്ചാൽ ഞാൻ ഉത്തരം നൽകുന്നു- എന്നീ ദൈവിക വചനങ്ങൾ ഈ വാദങ്ങളെ ഖണ്ഡിക്കുന്നു.

വിധിയെക്കുറിച്ചും പ്രകൃതി വ്യവസ്ഥയെക്കുറിച്ചും പറയുന്നതിൽ കുറെ ശരിയുണ്ട്. എന്നാൽ നാം പ്രാർഥിക്കുന്നത് വിധികർത്താവിനോടു തന്നെയാണ്; മറ്റേതെങ്കിലും ശക്തിയോടല്ല. മാത്രമല്ല, വ്യധിയും വ്യവസ്ഥയും നാം കൃത്യമായി അറിയുന്നില്ല. പ്രാർഥിക്കുന്നവരുടെ കാര്യത്തിലുള്ള വിധിയും വ്യവസ്ഥയും അല്ലാഹുവിനു മാത്രമേ അറിയൂ. വിധികർത്താവിന് വിധിയിൽ മാറ്റം വരുത്താനും റദ്ദാക്കാനും കൂടി അധികാരമുണ്ടായിരിക്കുമല്ലോ. ഇമാം തിർമിദിയും മറ്റും ഉദ്ധരിച്ചിട്ടുള്ള لا يردّ القضاء إلاّ الدّعاء -പ്രാർഥന മാത്രമേ വിധിയെ റദ്ദാക്കുകയുള്ളൂ- എന്ന നബിവചനം അതാണ് സൂചിപ്പിക്കുന്നത്. ആഗ്രഹ സാഫല്യത്തിന് തന്റെ കഴിവ് മാത്രം പോരാ എന്ന ബോധ്യമാണ് പ്രാർഥനയുടെ പ്രചോദനം. നിലവിലുള്ള കാര്യകാരണ വ്യവസ്ഥയെ അവലംബിച്ചുകൊണ്ട് മാത്രം തന്റെ കാര്യം നടക്കില്ലെന്നു കാണുന്ന പ്രാർഥികൻ കാര്യകാരണ വ്യവസ്ഥയുടെ വിധാതാവിനോട് നേരിട്ടർഥിക്കുകയാണ്. അങ്ങനെ അർഥിക്കുന്നവരുടെ കാര്യത്തിലും അവന് ഒരു നടപടിക്രമമുണ്ട്. പ്രവാചകൻ പ്രസ്താവിച്ചതായി തിർമിദി ഉദ്ധരിക്കുന്നു: ليس شيئ اكرم عند الله من الدّعَاء (അല്ലാഹുവിങ്കൽ പ്രാർഥനയെക്കാൾ ആദരണീയമായി മറ്റൊന്നില്ല). سلو الله من فضله فان الله يحب ان يسأل (അല്ലാഹുവിനോട് ചോദിക്കുവീൻ, തീർച്ചയായും അല്ലാഹു ചോദിക്കപ്പെടുന്നത് ഇഷ്ടപ്പെടുന്നുണ്ട്). അനുവദനീയമായ ഏതാവശ്യവും, അതെത്ര ഗുരുതരമായാലും നിസ്സാരമായാലും, അല്ലാഹുവിനോട് ചോദിക്കാം. പ്രവാചകൻ പ്രസ്താവിച്ചതായി തിർമിദി ഉദ്ധരിക്കുന്നു: يسأل احدكم ربّه حاجته كله حتى يسأل شفع نَعْلِهِ اذا انقطع

(നിങ്ങളുടെ ഏതാവശ്യവും വിധാതാവിനോട് ചോദിക്കാം, ചെരിപ്പിന്റെ വാറുപൊട്ടിയാൽ അതുപോലും). പ്രവാചകൻ പ്രസ്താവിച്ചതായി തിർമിദിയും അഹ്മദും ഉദ്ധരിക്കുന്നു: ان الدّعَاء ينفع مما نزل ومما لم ينزل فعليكم عباد الله بالدّعاء (സംഭവിച്ചതും സംഭവിച്ചിട്ടില്ലാത്തതുമായ എല്ലാ കാര്യങ്ങളിലും പ്രാർഥന പ്രയോജനകരമാകുന്നു. ആകയാൽ അല്ലാഹുവിന്റെ അടിയാറുകളേ, പ്രാർഥന മുറുകെ പിടിച്ചുകൊള്ളുക).

അല്ലാഹു പ്രാർഥിക്കാൻ കൽപിക്കുന്നതും ഉത്തരം വാഗ്ദാനം ചെയ്യുന്നതും അവന്ന് സ്വീകാര്യമായ പ്രാർഥനയെക്കുറിച്ചാണ്. പ്രാർഥനകൾ സ്വീകാര്യമാകാൻ ചില ഉപാധികളുണ്ട്. ഒന്നാമതായി, പ്രാർഥിക്കുന്നത് അനുവദനീയവും ഇഹത്തിലോ പരത്തിലോ ഗുണകരവുമായ കാര്യത്തിനാവണം. അനഭിമതമായ കാര്യങ്ങൾക്കുവേണ്ടിയുള്ള പ്രാർഥന സ്വീകരിക്കപ്പെടുകയില്ല. ഉദാ: വഞ്ചനയോ മോഷണമോ വിജയിക്കാൻ, അല്ലെങ്കിൽ ഒരനീതിയോ ആക്രമമോ നടന്നുകിട്ടാൻ വേണ്ടിയുള്ള പ്രാർഥന. മനുഷ്യൻ തന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ടതെല്ലാം ചെയ്തുകൊണ്ടായിരിക്കണം പ്രാർഥിക്കുന്നത്. താൻപാതി ദൈവം പാതി എന്നൊരു ചൊല്ലുണ്ടല്ലോ. കാര്യകാരണ വ്യവസ്ഥ പ്രകാരം താൻ ചെയ്യേണ്ടതൊന്നും ചെയ്യാതെ തന്റെ ആഗ്രഹം നിവർത്തിച്ചു തരേണേ എന്ന പ്രാർഥന അവഗണിക്കപ്പെടും. ക്ഷേമമുണ്ടാവാൻ തൊഴിലെടുക്കണം. അല്ലെങ്കിൽ കച്ചവടം ചെയ്യണം. അതൊന്നും ചെയ്യാതെ വെറുതെയിരുന്ന് 'അല്ലാഹുവേ, എനിക്ക് സമ്പത്തരുളേണമേ' എന്നു പ്രാർഥിക്കുന്നത് വെറുതെയാണ്. ഒരിക്കൽ പ്രവാചകനെ സന്ദർശിക്കാനെത്തിയ ഒരാൾ തന്റെ ഒട്ടകത്തെ പുറത്ത് വിട്ടയച്ച് ഇതിനെ ഞാൻ അല്ലാഹുവിൽ ഭരമേൽപിക്കുന്നു -തവക്കൽതു അലല്ലാഹ്- എന്നു പറഞ്ഞുകൊണ്ട് പ്രവാചകനെ സമീപിച്ചു. പ്രവാചകൻ അയാളോടു പറഞ്ഞു: ''ആദ്യം ഒട്ടകത്തെ കെട്ടിയിടുക എന്നിട്ട് അല്ലാഹുവിൽ ഭരമേൽപിക്കുക.'' സ്വീകരിക്കപ്പെടാതെ പോകുന്ന പ്രാർഥനകളിലധികവും ഇത്തരത്തിലുള്ളതാണ്.

ഉപരി സൂചിത ഉപാധികൾ പൂർത്തീകരിക്കപ്പെട്ട പ്രാർഥനകളും ചിലപ്പോൾ ഫലിക്കാതെ വന്നേക്കാം. തനിക്കു നല്ലതെന്ന് തോന്നുന്ന കാര്യമാണ് പ്രാർഥി അല്ലാഹുവിനോട് ചോദിക്കുന്നത്. യഥാർഥത്തിൽ അത് അയാൾക്ക് ദോഷകരമാണെന്ന് അല്ലാഹു അറിയുന്നു. അത്തരം സന്ദർഭങ്ങളിൽ പ്രാർഥന സ്വീകരിക്കാതിരിക്കുന്നത് ആ പ്രാർഥിയോട് അല്ലാഹുവിന് കനിവുള്ളത് കൊണ്ടാണ്. ചില പ്രാർഥനകൾക്ക് ഉടനടി ഉത്തരം നൽകുന്നതിനെക്കാൾ ഗുണകരം കുറെ കാലത്തിനുശേഷം നൽകുന്നതായിരിക്കും. അപ്പോൾ ആ പ്രാർഥന പ്രാർഥി പ്രതീക്ഷിച്ചതിലും ഭംഗിയായി സ്വീകരിക്കപ്പെടുകയാണ്. വിശിഷ്ടമായ പ്രാർഥനകൾ ഈ ലോകത്ത് ഉത്തരം ചെയ്യപ്പെട്ടിട്ടില്ലെങ്കിലും പരലോകത്ത് അത് നിഷ്ഫലമാകുന്നില്ല. ഇബാദത്ത് എന്ന നിലയിൽ പ്രാർഥനകൾ പരലോകത്ത് പ്രതിഫലാർഹമാകുന്നു. പ്രാർഥനക്ക് ഉത്തരം ലഭിക്കാതിരുന്നത് മൂലം ഉണ്ടായ ബുദ്ധിമുട്ടുകളിൽ നിരാശപ്പെടാതെ ക്ഷമയോടെ പ്രാർഥന തുടരുന്നതും പ്രതിഫലാർഹമാകുന്നു.

അഹങ്കാരത്തോടെയും ധിക്കാരത്തോടെയും വർത്തിക്കുകയാണ് إستكبار . ആദ്യം ادْعُونِي എന്നു പറഞ്ഞതിൽ ഇബാദത്തും ഉൾപ്പെട്ടിട്ടുള്ളതുപോലെ ശേഷം عبادتي എന്നു പറഞ്ഞതിൽ ദുആഉം ഉൾപ്പെട്ടിരിക്കുന്നു. അല്ലാഹുവിന് ഇബാദത്തു ചെയ്യുന്നതും അവനോടു പ്രാർഥിക്കുന്നതും ധിക്കാരപൂർവം വർജിക്കുന്നവരാണ് الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي. ഈ ധിക്കാരവും അഹന്തയും രണ്ടു തരത്തിലുണ്ട്. എന്റെ കാര്യം നടക്കാൻ ഞാൻ ദൈവത്തോടു പ്രാർഥിക്കേണ്ട കാര്യമില്ല. അതിന് ഞാൻ തന്നെ മതി. അഥവാ എന്റെ അറിവുകൊണ്ടും പ്രവർത്തന സാമർഥ്യം കൊണ്ടും തന്നെ ഞാനതു നേടും എന്ന ഭാവമാണ് ഒന്ന്. രണ്ട്, എനിക്കു വേണ്ടതെല്ലാം എന്റെ ഇഷ്ട ദൈവങ്ങൾ തന്നു കൊള്ളും. അവരെ മാത്രമേ ഞാൻ ആരാധിക്കൂ. അവരോടേ പ്രാർഥിക്കൂ. മുഹമ്മദും മുസ്‌ലിംകളും പറയുന്ന ഏകദൈവത്തെ പ്രാർഥിക്കുന്നത് എന്റെ അവസ്ഥക്കു ചേർന്നതല്ല. ഏകദൈവത്വം ഒരുവേള സത്യമാണെങ്കിൽ പോലും അതംഗീകരിക്കുന്നത് എന്റെ ഔന്നത്യത്തിനും പ്രതാപത്തിനും ഹാനികരമാണ്. രണ്ടു മനോഭാവത്തിലും പൊതുവായിട്ടുള്ളത് മിഥ്യയായ ഔന്നത്യബോധവും അഹന്തയും ധാർഷ്ട്യവും. എന്നാൽ പരലോകത്തെത്തുമ്പോൾ നരക ഭയത്താൽ അതെല്ലാം ഉരുകിയൊലിച്ചു പോകുന്നു. ഉഗ്രപ്രതാപികളായി വാണവർ അന്ന് നിന്ദിതരും നിസ്സഹായരുമായി നരകത്തിൽ പതിക്കുന്നു. ●

---

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلَّيْلَ لِتَسْكُنُوا۟ فِيهِ وَٱلنَّهَارَ مُبْصِرًا ۚ إِنَّ ٱللَّهَ لَذُو فَضْلٍ عَلَى ٱلنَّاسِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ ﴿٦١﴾

61. നിങ്ങൾ ശാന്തരായി മരുവുന്നതിന് രാവിനെയും വെളിച്ചമുള്ള പകലിനെയും സൃഷ്ടിച്ച തന്നത് അല്ലാഹുവാകുന്നു. മനുഷ്യർക്ക് ഏറെ അനുഗ്രഹമരുളുന്നവൻ തന്നെയാണ് അല്ലാഹു. പക്ഷെ, അധിക ജനവും നന്ദിയുള്ളവരല്ല.

**61**

اللَّهُ الَّذِي جَعَلَ لَكُمُ اللَّيْلَ = നിങ്ങൾക്ക് രാവിനെ(യും) ആക്കിയത് (സൃഷ്ടിച്ചു തന്നത്) അല്ലാഹുവാകുന്നു

لِتَسْكُنُوا فِيهِ = അതിൽ നിങ്ങൾ ശാന്തരായി മരുവുന്നതിന്, വിശ്രമിക്കുന്നതിന്

وَالنَّهَارَ مُبْصِرًا = കാണുന്നതായ (വെളിച്ചമുള്ള) പകലിനെയും

إِنَّ اللَّهَ لَذُو فَضْلٍ عَلَى النَّاسِ = അല്ലാഹു മനുഷ്യർക്ക് ഏറെ അനുഗ്രഹമുടയ(അരുളുന്ന)വൻ തന്നെയാകുന്നു

وَلَكِنَّ أَكْثَرَ النَّاسِ لَا يَشْكُرُونَ = പക്ഷെ, അധിക മനുഷ്യരും നന്ദി ചെയ്യുന്നില്ല (നന്ദിയുള്ളവരാകുന്നില്ല)

നിങ്ങള്‍, സൃഷ്ടികള്‍ ശാന്തമായി മരുവുന്നതിന് നിശയെയും വെളിച്ചത്തില്‍ പ്രയത്നിക്കുന്നതിന് പകലിനെയും സംവിധാനിച്ചു തന്നത് അല്ലാഹുവാണ്, അല്ലാതെ അത് സ്വന്തം കഴിവുകൊണ്ടും ഔന്നത്യം കൊണ്ടും നിങ്ങള്‍ ഉണ്ടാക്കിയതല്ല. മൂഢജനം ആരാധിക്കുന്ന ബഹുദൈവങ്ങള്‍ ഉണ്ടാക്കിത്തന്നതുമല്ല. രാപ്പകല്‍ ഭേദം എത്രമാത്രം പ്രധാനമാണെന്നും അത് അല്ലാഹുവിന്റെ സോദ്ദേശ്യമായ സംവിധാനമാണെന്നും ഖുര്‍ആന്‍ പലയിടത്തും വ്യക്തമാക്കുന്നുണ്ട്. ഉദാ: 25:47, 28:72. വിശദീകരണം പ്രസ്തുത സൂക്തങ്ങള്‍ക്കു താഴെ കാണുക. രാവിനെ വസ്ത്രവും നിദ്രയെ ശാന്തിയും പകലിനെ ഉത്തിഷ്ഠതയുമാക്കി എന്നാണ് 25:47-ല്‍ പറയുന്നത്. 78:9-11-ല്‍ പറയുന്നത് നിദ്രയെ ശാന്തിയും രാവിനെ വസ്ത്രവും പകലിനെ ജീവിതായോധനവുമാക്കിത്തന്നു എന്നാണ്. مُبْصِر കാണുന്നതും കാഴ്ചയുള്ളതുമാണ്. പകലിനെ വെളിച്ചമുള്ളതാക്കി എന്നാണ് وَالنَّهَارَ مُبْصِرًا-ന്റെ ആശയം. ഉത്തിഷ്ഠതയുടെയും ജീവിതായോധനത്തിന്റെയും പര്യായമെന്നോണമാണിവിടെ കാഴ്ചയെ- വെളിച്ചത്തെ ഉപയോഗിച്ചിരിക്കുന്നത്. ജീവിതായോധനവും ഉത്തിഷ്ഠതയും പ്രാവര്‍ത്തികമാകുന്നത് വെളിച്ചത്തിലാണല്ലോ. രാപ്പകല്‍ ഭേദം മനുഷ്യന്റെ നിലനില്‍പിന് നല്‍കുന്ന സേവനങ്ങള്‍ എത്ര ഗൗരവപ്പെട്ടതാണെന്നും, അവയെ അവ്വിധം സംവിധാനിച്ചതിലൂടെ അല്ലാഹു മനുഷ്യര്‍ക്കരുളിയ അനുഗ്രഹം എത്ര മഹത്തരമാണെന്നും ആ അനുഗ്രഹദാതാവ് നമ്മുടെ അളവറ്റ നന്ദിയും കൂറും അര്‍ഹിക്കുന്നുവെന്നും ആലോചിച്ചു നോക്കുന്ന ബുദ്ധിമാന്മാര്‍ക്ക് സ്വയം ബോധ്യപ്പെടുന്നതാണ്. പക്ഷെ, അധിക മനുഷ്യരും മഹത്തായ ഈ ദൃഷ്ടാന്തങ്ങളെ അവയര്‍ഹിക്കുന്നവിധം വിലയിരുത്തുകയോ അവയുടെ വിധാതാവിനോട് നന്ദി പുലര്‍ത്തുകയോ ചെയ്യുന്നില്ല. ●

---

ذَٰلِكُمُ ٱللَّهُ رَبُّكُمْ خَٰلِقُ كُلِّ شَىْءٍ لَّآ إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُؤْفَكُونَ ﴿٦٢﴾

62. ഇതൊക്കെയും ചെയ്തുതന്ന അല്ലാഹുവാകുന്നു നിങ്ങളുടെ വിധാതാവ്. സകല ചരാചരങ്ങളുടെയും സ്രഷ്ടാവ്. അവനല്ലാതെ ദൈവമേതുമില്ല. യാഥാര്‍ഥ്യം ഈവിധം വെളിവായിട്ടും നിങ്ങള്‍ പിഴപ്പിക്കപ്പെടുന്നതെങ്ങനെയാണ്?!

كَذَٰلِكَ يُؤْفَكُ ٱلَّذِينَ كَانُوا۟ بِـَٔايَٰتِ ٱللَّهِ يَجْحَدُونَ ﴿٦٣﴾

63. എന്നാല്‍ ദൈവിക സൂക്തങ്ങള്‍ നിഷേധിക്കുന്നവരൊക്കെയും ഈ വിധം പിഴപ്പിക്കപ്പെടുന്നതാകുന്നു.

**62,63**

ذَٰلِكُمُ اللَّهُ = ഈ അല്ലാഹു(ഇതൊക്കെയും ചെയ്യുന്ന അല്ലാഹു) ആകുന്നു رَبُّكُمْ = നിങ്ങളുടെ വിധാതാവ്

خَالِقُ كُلِّ شَيْءٍ = എല്ലാ ഓരോ വസ്തുവിന്റെയും (സകല ചരാചരങ്ങളുടെയും) സ്രഷ്ടാവ്

لَّا إِلَٰهَ إِلَّا هُوَ = അവനല്ലാതെ ദൈവമേതുമില്ല

فَأَنَّىٰ تُؤْفَكُونَ = എന്നിട്ടും (യാഥാര്‍ഥ്യം ഈവിധം വെളിവായിട്ടും) നിങ്ങള്‍ പിഴപ്പിക്കപ്പെടുന്നതെങ്ങനെയാണ്

كَذَٰلِكَ يُؤْفَكُ = എന്നാല്‍ ഈ വിധം പിഴപ്പിക്കപ്പെടുന്നതാകുന്നു

الَّذِينَ كَانُوا بِآيَاتِ اللَّهِ يَجْحَدُونَ = ദൈവിക സൂക്തങ്ങള്‍ നിഷേധിക്കുന്നവരായവര്‍ (ഒക്കെയും)

ذَٰلِكُمْ -അത്- സൂചിപ്പിക്കുന്നത് മുന്‍ സൂക്തങ്ങള്‍ പരാമര്‍ശിച്ച പ്രതിഭാസങ്ങളുടെ സ്രഷ്ടാവിനെയാണ്. വ്യാജ ഭാഷണവും കൃത്രിമ നിര്‍മിതിയുമാണ് ഭാഷയില്‍ إِفْك. നേര്‍വഴിയില്‍നിന്ന് വ്യതിചലിപ്പിക്കുക, തെറ്റിദ്ധരിപ്പിക്കുക തുടങ്ങിയ അര്‍ഥങ്ങളിലും ഇത് ഉപയോഗിക്കുന്നു. إِفْك-ല്‍ നിന്നുള്ള വര്‍ത്തമാന കര്‍മണി പ്രയോഗമാണ് يُؤْفَك-വും تُؤْفَكُونَ-യും. സൂക്തസാരം, ക്ഷണിക ജീവിയായ മനുഷ്യനെ അപേക്ഷിച്ച് അതിഗംഭീരങ്ങളായ ആകാശ ലോകത്തെയും ഭൂലോകത്തെയും സൃഷ്ടിച്ച് രാപ്പകലുകള്‍ ക്രമീകരിച്ച് ഭൂമിയെ ജൈവികമാക്കുകയും മനുഷ്യര്‍ക്ക് അളവില്ലാത്ത അനുഗ്രഹങ്ങള്‍ ചൊരിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്ന സത്യദൈവമാണ് നിങ്ങളുടെ യഥാര്‍ഥ വിധാതാവ്. പ്രപഞ്ചത്തിലെ സകല ചരാചരങ്ങളുടെയും സ്രഷ്ടാവും അവനാകുന്നു. അവനല്ലാതെ ദൈവമേതുമില്ല. യാഥാര്‍ഥ്യം ഇത്രയേറെ വിശദമായി ബോധ്യപ്പെടുത്തിയിട്ടും എങ്ങോട്ടാണ് നിങ്ങള്‍ അതില്‍നിന്ന് വ്യതിചലിച്ചു പോകുന്നത്? ആരാണ് നിങ്ങളെ വഴി തെറ്റിക്കുന്നത്? പക്ഷെ, നിങ്ങളുടെ നിലപാടില്‍ പുതുമയൊന്നുമില്ല. ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കാതെ പ്രവാചകന്മാര്‍ ഓതിക്കൊടുത്ത ദൈവിക സൂക്തങ്ങള്‍ കണ്ണടച്ചു നിഷേധിച്ച കഴിഞ്ഞുപോയ ഏറെ സമുദായങ്ങള്‍ ഇവരെപ്പോലെ വഴിതെറ്റിക്കപ്പെട്ടിട്ടുണ്ട്. അവരുടെ പരിണതി തന്നെയാണ് ഇവരെയും കാത്തിരിക്കുന്നത്. ●